

'ചിത്രക്കുഴലി'ൽ നിന്ന്.



'മൈ ഹോം ഈസ് ഗ്രീനി'ൽ നിന്ന്.

കാണൂ, കുട്ടികൾക്കൊപ്പം

മെട്രോ മനോരമ ഡൽഹി

19 നവംബർ 2011
ശനി

ശനിയാഴ്ചകളിൽ മലയാള മനോരമയോടൊപ്പം സൗജന്യം.

'വൃശ്ചികത്തിലെ ആൽമരം' എന്ന ഹ്രസ്വചിത്രത്തിലെ ദൃശ്യം.

ജയൻ കെ. ഉണ്ണി
jayanko@gmail.com

തൃശൂർ പുറനാട്ടുകര ശ്രീ ശാരദ ഗേൾസ് ഹയർ സെക്കൻഡറി സ്കൂളിലെ പ്ലസ് വൺ ക്ലാസ് വിദ്യാർഥികൾ കഴിഞ്ഞ മധ്യവേനൽ അവധിക്കാലത്തും തിരക്കിലായിരുന്നു. നാടു കറങ്ങി കണ്ടും കേട്ടുമറിഞ്ഞ അറിവുകൾ സിനിമയായി പകർത്തുന്നതിന്റെ തിരക്ക്. അങ്ങനെ പിറന്നു 'വൃശ്ചികത്തിലെ ആൽമരം'. ജൂൺ അഞ്ചിനു ലോക പരിസ്ഥിതി ദിനത്തിൽ ആദ്യ പ്രദർശനം. തങ്ങളുടെ ചിത്രം സിഎംഎസ് വാതാവരൺ രാജ്യാന്തര ചലച്ചിത്രോത്സവത്തിൽ പ്രദർശിപ്പിക്കുന്നതിന്റെ ആഹ്ലാദത്തിലാണ് ഈ കുട്ടിക്കൂട്ടം.

ഡിസംബർ ആറു മുതൽ പത്തു വരെ ജെയ്സിങ് റോഡ് എൻബിസിസി സെന്ററിലാണ് ചലച്ചിത്രോത്സവം നടക്കുന്നത്. കേരളത്തിന്റേതായി ചലച്ചിത്രമേളയിൽ പ്രദർശിപ്പിക്കുന്നതു 'വൃശ്ചികത്തിലെ ആൽമരം' ഉൾപ്പെടെ എട്ടു ചിത്രങ്ങൾ.

കാവുകൾ പങ്കുവയ്ക്കുന്നത് ആത്മീയതയുടെ പുണ്യം മാത്രമല്ലെന്നു ചിത്രത്തിലൂടെ കുട്ടികൾ പറയുന്നു. ഹരിതഭംഗിയും വിശ്വാസത്തിന്റെ പേരിലെങ്കിലും സംരക്ഷിക്കപ്പെടുന്ന ഈ വനങ്ങളിലെ ജൈവ വൈവിധ്യവും ചിത്രത്തിൽ നിറയുന്നു. ഒപ്പം ഒരു നാടിന്റെ പരിസ്ഥിതി സന്തുലിതാവസ്ഥ സംരക്ഷിക്കുന്നതിൽ കാവുകൾ വഹിക്കുന്ന പങ്കും.

യൂറി നഗിബിന്റെ 'ദ് ഓക്ക് ട്രീ ഓഫ് ഓട്ടം' എന്ന റഷ്യൻ കഥയ്ക്കു ഡോ. സി. തങ്കം നൽകിയ മലയാളം പരിഭാഷയെ ആധാരമാക്കിയാണു 'വൃശ്ചികത്തിലെ ആൽമരം' രൂപപ്പെടുത്തിയത്. പ്രധാനവേഷങ്ങളിൽ നിറയുന്നതു കുട്ടികളും സ്കൂളിലെ അധ്യാപകരും. തിരക്കഥയിൽ സാങ്കേതിക സഹായം തേടിയെങ്കിലും ഫൈനൽ ടച്ച് വിദ്യാർഥികളുടെ കണ്ടെത്തലുകളുടെ അടിസ്ഥാനത്തിലായിരുന്നു.

"ഒരു ദ്വിദിന ശിൽപശാലയിലാണു 'വൃശ്ചികത്തിലെ ആൽമര'ത്തിന്റെ ആശയം മുളച്ചത്. പിന്നീടതിനു ചലച്ചിത്ര രൂപം നൽകി. നാലു ദിവസം ഷൂട്ടിങ്. ആശയം യാഥാർഥ്യമായി ആദ്യമായി സ്ക്രീനിൽ നിറഞ്ഞപ്പോൾ അത്യാഹ്ലാദം" – 'വൃശ്ചികത്തിലെ ആൽമര'ത്തിന്റെ നിർമാണത്തിനു നേതൃത്വം നൽകിയ പ്രധാനാധ്യാപിക വി.എസ്. കൃഷ്ണകുമാരി പങ്കുവയ്ക്കുന്നു. രണ്ടു ദിവസം മുൻപു വിദ്യാഭ്യാസ വകുപ്പിന്റെ സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എജ്യുക്കേഷനൽ ടെക്നോളജി (എസ്ഐഇടി) ചലച്ചിത്രമേളയിൽ മികച്ച ചിത്രത്തിനുള്ള പുരസ്കാരം 'വൃശ്ചികത്തിലെ ആൽമര'ത്തിനു ലഭിച്ചു. ഒപ്പം മികച്ച ക്യാമറയ്ക്കും തിരക്കഥയ്ക്കുമുള്ള പുരസ്കാരങ്ങളും.

പ്രഫഷനൽ നടീനടന്മാർക്കു ഒരു ദൃശ്യം പകർത്താൻ നാലും അഞ്ചും ടേക്ക് വേണ്ടി വരുമ്പോൾ കുട്ടിനടികൾക്ക് എല്ലാം ഒറ്റ ടേക്കിൽ സാധ്യമായെന്നു കൃഷ്ണകുമാരി പറയുന്നു. ഡബ്ബിങ്ങും കുട്ടികൾ തന്നെയാണു നടത്തിയത്.

ആൽമരത്തണലിൽ ഇത്തിരി നേരം

'വൃശ്ചികത്തിലെ ആൽമര'ത്തിന്റെ കഥയിങ്ങനെ: സ്കൂളിൽ എന്നും വൈകി വരുന്ന അശ്വതിയുടെ കഥ തേടി പോവുകയാണ് അനുരാധ ടീച്ചർ. വൈകിയെങ്കിലും സ്കൂളിലേക്കുള്ള യാത്രയിൽ അശ്വതി അറിഞ്ഞ പ്രകൃതി സത്യങ്ങൾ അനുരാധ ടീച്ചറെ അത്ഭുതപ്പെടുത്തുന്നു. പ്രകൃതിയോടു സംസാരിച്ചാണ് അശ്വതിയുടെ ഓരോ ദിവസത്തെയും യാത്ര.
ക്ലാസ് മുറിയിൽ നിന്നു നേടുന്നതിലേറെ അറിവ് അവൾക്കു പ്രകൃതിയിൽ നിന്നു ലഭിച്ചതായി ടീച്ചർ തിരിച്ചറിയുന്നു.

റോമി വിക്ടോറിയ, വി.എസ്. ചിത്ര, ഐ.ബി. ആതിര, എം.എസ്. സ്വാതി, എം. കാവ്യ, എം. അശ്വതി, പി. അഞ്ജലി എന്നിവരാണു സംവിധായകർ. വി.എസ്. അനഘ, സി.എസ്. സൗമ്യ, കെ.വി. വിസ്മയ എന്നിവർ ഛായാഗ്രഹണത്തിനു നേതൃത്വം നൽകി.

തിരക്കഥയുടെ ആദ്യരൂപം തയാറാക്കിയതു മുരളി ബാബു. എഡിറ്റിങ്ങിനു സുജേഷ് ശങ്കർ, സുനാർ ശങ്കർ എന്നിവർ നേതൃത്വം നൽകി.

തൊട്ടടുത്ത സ്കൂളിലെ ആർട് അധ്യാപകൻ ഗിരീശൻ കലാകാരന്റെ വേഷത്തിൽ അഭിനയിക്കുന്നുണ്ട്. ഗിരീശൻ മാഷിന്റെ നിർദേശങ്ങളും ചിത്രീകരണത്തിൽ സഹായകമായി. ചിത്രത്തിന്റെ ദൈർഘ്യം ഏകദേശം അരമണിക്കൂർ.

ഡൽഹി സാന്നിധ്യം

ജനക്പുരി നിവാസി റിന്റു തോമസും സുഷ്മിത് ഘോഷും നിർമിച്ച 'ദ് മിറക്കിൾ വാട്ടർ വില്ലേജ്' എന്ന ചിത്രവും സിഎംഎസ് വാതാവരണിൽ പ്രദർശിപ്പിക്കുന്നുണ്ട്. മഴവെള്ള കൊയ്ത്തിലൂടെ ഗ്രാമത്തിന്റെ ദാഹമകറ്റിയ ഗ്രാമവാസികളുടെ ജനകീയ മുന്നേറ്റത്തിന്റെ കഥയാണു ചിത്രം പറയുന്നത്. ഹിവാരെ ബസാറാണു ജല സംരക്ഷണത്തിൽ വിജയം നേടിയ ആ മാന്ത്രിക ഗ്രാമം.

മലയാളക്കാഴ്ചകൾ

കണ്ണൂർ വിളയാൻകോടെ ബാബു കമ്പ്രത്ത് വാതാവരൺ ചലച്ചിത്ര മേളയിൽ എത്തുന്നതു കായലിൽ നെൽകൃഷിയും മത്സ്യകൃഷിയും നടത്തുന്ന കൈപ്പാടിന്റെ കഥയുമായാണ്. ഫൊട്ടോഗ്രഫറും പരിസ്ഥിതി പ്രവർത്തകനുമാണു ബാബു.

തിരുവനന്തപുരം കരകുളം സ്വദേശി രവി ഗോപാലൻ ചലച്ചിത്രോത്സവത്തിന് എത്തുന്നതു 'ഷെൽട്ടർ' എന്ന ഹ്രസ്വചിത്രവുമായി. ശക്തമായി പതിക്കുന്ന മഴത്തുള്ളികളിൽനിന്നു രക്ഷ നേടാൻ ഒരു കൂര തേടുന്നവർ കണ്ടെത്തുന്നത് ഒരു മരത്തണലാണ്. മരത്തിൽ ഒരു കുരിയാറ്റക്കിളി കുടുംബമായി താമസിക്കാൻ ശ്രമിക്കുന്നു. ഒടുവിൽ ആ വൃക്ഷം വീഴുമ്പോൾ വീണ്ടും മഴയിൽ അവരുടെ ജീവിതം നനയുന്നതാണ് നാലു മിനിറ്റ് ചിത്രത്തിന്റെ കഥ.

'ജഡായുവിന്റെ വീഴ്ച'യെന്ന ചിത്രവുമായാണ് എം.പി. സിദ്ധാർഥും സുഹൃത്ത് സക്കറി യാക്കോസ് സ്റ്റെലിയാനോപോളസും ന്യൂസിലൻഡിൽ നിന്നു മേളയ്ക്കെത്തുന്നത്.

പ്രകൃതിയുടെ അത്ഭുത പ്രതിഭാസങ്ങളാണ് സുരേഷ് ഇളമണ്ണിന്റെ 'ഹോം ഔവർ ഗാർഡൻ ഓഫ് ഈഡൻ' പറയുന്നത്. ഒരു വീടിന്റെ പിന്നാമ്പുറത്തെ ജൈവ വൈവിധ്യങ്ങളാണ് ഈ ദൃശ്യാവിഷ്കാരത്തിൽ നിറയുന്നത്. ജീവിത വഴിയിലെ കാടിനെ അറിയുന്ന കുട്ടികളുടെ ജീവിത കഥയാണു മജീദ് ഗുലിസ്ഥാന്റെ 'ചിത്രക്കുഴൽ' എന്ന ചിത്രം പറയുന്നത്.

എൻഡോസൾഫാൻ വേണോ?

എൻഡോസൾഫാൻ ദുരിതം പങ്കുവയ്ക്കുന്ന രണ്ടു ചിത്രങ്ങളാണ് കേരളത്തിൽ നിന്നു ചലച്ചിത്രോത്സവത്തിൽ എത്തുന്നത്. രണ്ടു കീടനാശിനി ദുരന്തങ്ങൾ കെ.ആർ. മനോജിന്റെ 'എ പെസ്റ്ററിങ് ജേർണി'യിൽ നിറയുന്നു. രാസപദാർഥ പ്രയോഗങ്ങളുടെ നിയമ സാധുതയെ ചോദ്യം ചെയ്യുന്ന ചിത്രം എൻഡോസൾഫാൻ ഉപയോഗം തടയണമെന്ന സന്ദേശം പങ്കുവയ്ക്കുന്നു.

കോഴിക്കോട്ടെ സാജൻ സിന്ധുവിന്റെ 'മൈ ഹോം ഈസ് ഗ്രീൻ' എന്ന ആനിമേറ്റഡ് ചിത്രം വെളിച്ചം വീശുന്നതും കീടനാശിനി പ്രയോഗത്തിന്റെ ദുരിതത്തിലേക്കു തന്നെ. കീടനാശിനി പ്രയോഗത്തിൽ കൂട്ടം നഷ്ടപ്പെട്ട് അനാഥനായ കുഞ്ഞുറുമ്പിന്റെയും ചിത്രശലഭപ്പെണ്ണിന്റെയും കഥ.

സന്തോഷകരമായ ജീവിത നാളുകൾക്കിടെ ഇന്നു ഒരിക്കൽ കൂടി കീടനാശിനി തളിക്കുന്ന യന്ത്രത്തിന്റെ ശബ്ദം കേൾക്കുന്നു. എൻഡോസൾഫാൻ ദുരന്തത്തിൽ മരണമടഞ്ഞ കുട്ടികൾക്കായി ചിത്രം സമർപ്പിച്ചിരിക്കുന്നു.

കേന്ദ്ര പരിസ്ഥിതി–വനം മന്ത്രാലയത്തിന്റെ സഹകരണത്തോടെ സിഎംഎസ് എന്ന ഗവേഷണ സംഘടന ഒരുക്കുന്ന ചലച്ചിത്രോത്സവത്തിൽ 17 വിദേശ ചിത്രങ്ങളുൾപ്പെടെ 68 ചിത്രങ്ങൾ ഇടം നേടി. ഡൽഹിയിൽ നിന്നാണ് ഏറ്റവുമധികം ചിത്രങ്ങൾ – 21; എട്ടു ചിത്രങ്ങളുമായി കേരളം രണ്ടാം സ്ഥാനത്ത്.

'കൈപ്പാട് – ദ് ബ്ലാക്ക് വാട്ടർ പാഡി ആൻഡ് ഫിഷ് ഫീൽഡ്' എന്ന ചിത്രത്തിലെ ദൃശ്യം.

↑ 'വൃശ്ചികത്തിലെ ആൽമരം' ഹ്രസ്വചിത്രം നിർമിച്ച തൃശൂർ പുറനാട്ടുകര ശ്രീ ശാരദ ഗേൾസ് ഹയർ സെക്കൻഡറി സ്കൂളിലെ വിദ്യാർഥികൾ.

↓ 'ജഡായുവിന്റെ വീഴ്ച' എന്ന ചിത്രത്തിൽനിന്ന്.